**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 943** **11-02-2025 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണത്തിനുള്ള നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീമതി കെ. കെ. രമ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | വന്യജീവി ആക്രമണത്തിൽ മരണമടയുന്നവരുടെ ആശ്രിതർക്ക് നിലവിൽ എത്ര രൂപയാണ് നഷ്ടപരിഹാരം നൽകുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | വന്യജീവികൾ മൂലമുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് വനം വകുപ്പ് നഷ്ടപരിഹാരം നൽകുന്നത് 1980-ലെ കേരള റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് ഉത്തരവിലെ വ്യവസ്ഥകൾ അനുസരിച്ചാണ്. . ഇതിന്റെ ഭാഗമായുള്ള 05/04/2018-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 17/2018/വനം, 25/10/2022-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 50/2022/ വനം, 20/01/2024-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 03/2024/വനം എന്നിവ പ്രകാരം മനുഷ്യ-വന്യജീവി സംഘർഷത്തിൽ പരിക്കേറ്റവർക്കും മരണമടയുന്നവർക്കും നിലവിൽ നഷ്ടപരിഹാരം നൽകി വരുന്നു. ടി ഉത്തരവുകൾ പ്രകാരം വന്യജീവി അക്രമണത്തിൽ മരണമടയുന്ന വ്യക്തികളുടെ നിയമപരമായ അവകാശികൾക്ക് 10 ലക്ഷം രൂപയാണ് നൽകിവരുന്നത്. വനത്തിന് പുറത്ത് വച്ച് സംഭവിക്കുന്ന പാമ്പുകടിയേറ്റും, തേനീച്ച, കടന്നൽ എന്നിവയുടെ കുത്തേറ്റും ഉണ്ടാകുന്ന ജീവഹാനിക്ക് നഷ്ടപരിഹാരമായി 2 ലക്ഷം രൂപയും നൽകി വരുന്നു. |
| (ബി) | വന്യജീവി ആക്രമണത്തിൽ മരണമടയുന്നവരുടെ ആശ്രിതർക്കുള്ള നഷ്ടപരിഹാരം കേന്ദ്ര സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ടോ; എത്ര തുകയാണ് കേന്ദ്ര സർക്കാർ നിലവിൽ നൽകുന്നത്; | (ബി) | കേന്ദ്ര വനം-പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം (വന്യജീവി വിഭാഗം) ന്റെ 22/12/2023 ലെ F. No. WL-21/4/2023-WL നമ്പർ ഓഫീസ് മെമ്മോറാണ്ടം പ്രകാരം കേന്ദ്രാവിഷ്കൃത പദ്ധതിയായ Integrated Development of Wildlife Habitats ൽ നിന്നും മനുഷ്യ-വന്യമൃഗ സംഘർഷം മൂലമുണ്ടാകുന്ന മരണത്തിന് സമാശ്വാസ ധനസഹായമായി നൽകാവുന്ന തുക 10 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കേന്ദ്ര വനം-പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം (പ്രോജക്റ്റ് ടൈഗർ & പ്രോജക്റ്റ് എലിഫന്റ് വിഭാഗം) ന്റെ |

25/01/2024 ലെ F No. 3-8/2022-PE നമ്പർ കത്ത് പ്രകാരം കേന്ദ്രാവിഷ്കൃത പദ്ധതികളായ പ്രോജക്ട് ടൈഗർ, പ്രോജക്ട് എലിഫന്റ് എന്നിവയിലുള്ള വിഹിതത്തിൽ നിന്നും മനുഷ്യ-വന്യമൃഗ സംഘർഷം മൂലമുണ്ടാകുന്ന മരണത്തിന് സമാശ്വാസ ധനസഹായമായി നൽകാവുന്ന തുക 10 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ എല്ലാ സംസ്ഥാനങ്ങളും ഈ വർദ്ധനവ് നടപ്പിൽ വരുത്തുന്ന രീതിയിൽ മനുഷ്യ-വന്യമൃഗ സംഘർഷം മൂലമുണ്ടാകുന്ന മരണങ്ങൾക്ക് അതത് സംസ്ഥാനങ്ങൾ അനുവദിക്കുന്ന സമാശ്വാസ ധനസഹായം ഏകീകരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

കേരളത്തിൽ മനുഷ്യ-വന്യമൃഗ സംഘർഷം മൂലമുണ്ടാകുന്ന മരണങ്ങൾക്ക് നഷ്ടപരിഹാരം നൽകിവരുന്നത് 1980-ലെ കേരള റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് ഉത്തരവിലെ വ്യവസ്ഥകൾ അനുസരിച്ചാണ്. പ്രസ്തുത ഉത്തരവ് പ്രകാരം നഷ്ടപരിഹാരം അനുവദിക്കുന്നത് സംസ്ഥാന ഫണ്ടിൽ നിന്നോ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്ന് ലഭ്യമാകുന്ന ഫണ്ടിൽ നിന്നോ ആകാം. എന്നാൽ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നും അനുവദിക്കാവുന്ന നഷ്ടപരിഹാര തുക മേൽ സൂചിപ്പിച്ചതുപോലെ വർദ്ധിപ്പിക്കുന്നതിനും വളരെ മുമ്പ് തന്നെ സർക്കാർ ഉത്തരവ് (കൈ) നം. 17/2018/ വനം തീയതി 05/04/2018 പ്രകാരം സംസ്ഥാന സർക്കാർ മനുഷ്യ-വന്യമൃഗ സംഘർഷം മൂലമുണ്ടാകുന്ന മരണങ്ങൾക്ക് അനുവദനീയമായ നഷ്ടപരിഹാരം 10 ലക്ഷം രൂപയായി വർദ്ധിപ്പിക്കുകയും നാലരവർഷത്തോളമായി പ്രസ്തുത നിരക്ക് നൽകിവരുകയും ചെയ്യുന്നുണ്ടായിരുന്നു. ഒരേ നഷ്ടത്തിന് കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും വെവ്വേറെ നഷ്ടപരിഹാരം നൽകുന്നില്ല.

മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിനായി സംസ്ഥാന വിഹിതത്തിനു പുറമേ കേന്ദ്രവിഹിതമായി തുക ലഭിച്ചുവരുന്നത് കേന്ദ്രാവിഷ്കൃത പദ്ധതികളായ 2406-02-110-35 പ്രോജക്ട് എലിഫന്റ് (60:40 അനുപാതത്തിൽ) & 2406-02-110-52 IDWH – Outside PA (60:40 അനുപാതത്തിൽ) എന്നീ ശീർഷകങ്ങളിലാണ്. ഈ രണ്ട് ശീർഷകങ്ങളിലും ഉൾപ്പെടുത്തി ഒരു ഉപഘടകമായിട്ടാണ് നഷ്ടപരിഹാരത്തിനുള്ള കേന്ദ്ര വിഹിതം ഉൾപ്പെടുത്തിയിരിക്കുന്നത്.

2023-24 സാമ്പത്തിക വർഷത്തിൽ നഷ്ടപരിഹാരമായി ആകെ വിതരണം ചെയ്തിട്ടുള്ള

| | | | |
|---|---|---|---|
| | | | 21.79 കോടി രൂപയിൽ 74.51 ലക്ഷം രൂപയാണ് കേന്ദ്രവിഹിതമായി ചെലവഴിച്ചിട്ടുള്ളത്. |
| (സി) | വന്യജീവി ആക്രമണത്തിൽ മരണമടയുന്നവരുടെ ആശ്രിതർക്കുള്ള നഷ്ടപരിഹാരമായി നിലവിൽ സംസ്ഥാന സർക്കാർ നൽകുന്നത് എത്ര രൂപയാണെന്നറിയിക്കുമോ; | (സി) | മനുഷ്യ-വന്യമൃഗ സംഘർഷത്തിൽ ജീവഹാനി സംഭവിക്കുന്ന വ്യക്തികളുടെ നിയമപരമായ അവകാശികൾക്ക് നിലവിൽ 10 ലക്ഷം രൂപയാണ് നഷ്ടപരിഹാരമായി നൽകിവരുന്നത്. വനത്തിന് പുറത്ത് വച്ച് പാമ്പുകടിയേറ്റും തേനീച്ച, കടന്നൽ എന്നിവയുടെ കുത്തേറ്റും ഉണ്ടാകുന്ന ജീവഹാനിക്ക് നഷ്ടപരിഹാരമായി രണ്ട് ലക്ഷം രൂപയും നൽകി വരുന്നു. |
| (ഡി) | വന്യജീവി ആക്രമണത്തിൽ മരണമടയുന്നവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം ഇരട്ടിയാക്കാൻ തയ്യാറാകുമോ? | (ഡി) | വന്യജീവി ആക്രമണത്തിൽ മരണമടയുന്നവരുടെ ആശ്രിതർക്ക് നിലവിൽ നൽകിവരുന്ന നഷ്ടപരിഹാര തുക<br>കാലോചിതമായി വർധിപ്പിക്കുന്ന വിഷയം നിലവിൽ പരിശോധനയിലാണ് |

സെക്ഷൻ ഓഫീസർ